REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 16-08-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **രാഷ്ട്രം 80-ാം സ്വാതന്ത്ര്യദിനം വർണാഭമായി ആഘോഷിച്ചു.**
- **വിദ്യാർത്ഥികളാണ് രാജ്യത്തിന്റെ ഭാവിയെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.**
- **കുടുംബശ്രീ, ഹരിത കർമ്മ സേന പ്രവർത്തകരുടെ വരുമാനം വർദ്ധിപ്പിക്കാൻ കാലാനുസൃത പരിഷ്കാരങ്ങൾ കൊണ്ടുവരുമെന്ന് മന്ത്രി KM ഷാജി.**
- **മലയാളികളുടെ മനസ്സിൽ നന്മയും സമൃദ്ധിയും നിറച്ച് ഇന്ന് അത്തപ്പിറവി.**
- **പൊന്നോണ കാലത്തിന് തുടക്കം കുറിച്ച് തൃപ്പൂണിത്തുറയിൽ ഇന്ന് അത്തച്ചമയ ഘോഷയാത്ര.**
- **ശ്രീലങ്കയ്ക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

രാഷ്ട്രം 80-ാം സ്വാതന്ത്ര്യദിനം വർണാഭമായി ആഘോഷിച്ചു. ആഘോഷങ്ങളുടെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ രാഷ്ട്രപതി ഭവനിൽ ഔദ്യോഗിക സ്വീകരണ ചടങ്ങ് സംഘടിപ്പിച്ചു. ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യ കാന്ത്, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ, വിവിധ മേഖലകളിലെ പ്രമുഖ വ്യക്തികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഛത്തീസ്ഗഡ്, ഗോവ, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെ സമ്പന്നവും സജീവവുമായ കല, സംസ്കാരം, പാരമ്പര്യം, തനത് വിഭവങ്ങൾ എന്നിവ ഉൾപ്പെടുത്തിയായിരുന്നു സ്വീകരണചടങ്ങ്.

✪✪✪

80-ാമത് സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സൂര്യപഥ് തിരംഗ ആഗോള റിലേ ഇന്നലെ പൂർത്തിയായി. കിഴക്ക് ഫിജിയിൽ നിന്ന് ആരംഭിച്ച് 54 രാജ്യങ്ങളിലൂടെയും വിവിധ സമയമേഖലകളിലൂടെയും കടന്നുപോയി പടിഞ്ഞാറ് അമേരിക്കയിൽ സമാപിച്ച റിലേ ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായാണ് സംഘടിപ്പിച്ചതെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

സാൻ ഫ്രാൻസിസ്കോയിലെ ഇന്ത്യൻ കോൺസൽ ജനറൽ പതാക ഉയർത്തിയതോടെയാണ് റിലേ സമാപിച്ചത്. ഇന്ത്യയുടെ ദേശീയ വികാരത്തിന്റെയും അഭിമാനത്തിന്റെയും പ്രതീകമെന്ന നിലയിൽ 'വന്ദേമാതര'ത്തിന്റെ ചിരസ്ഥായിയായ പൈതൃകം ആഘോഷിക്കുന്നതിനൊപ്പം, 150-ാം വാർഷികവും റിലേ അടയാളപ്പെടുത്തി. പ്രവാസികളിൽ നിന്ന് മികച്ച പങ്കാളിത്തവും പ്രതികരണവുമാണ് റിലേയ്ക്ക് ലഭിച്ചതെന്നും ദേശീയ പതാകയോട് അവരുടെ ആഴമേറിയ വൈകാരിക ബന്ധം എടുത്തുകാട്ടുന്നതുമായിരുന്നു പരിപാടിയെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് തമിഴ്നാട്ടിലെത്തും. സന്ദർശനവേളയിൽ ചെന്നൈ ചെങ്കൽപേട്ട്, തിരുവാരൂർ, തഞ്ചാവൂർ എന്നിവിടങ്ങളിൽ അക്കാദമിക് അനുസ്മരണ സാഹിത്യപരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. ചെങ്കൽപേട്ടിലെ SRM ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ 22-ാമത് ബിരുദദാന സമ്മേളനത്തിലും ഇന്ന് ഉപരാഷ്ട്രപതി പങ്കെടുക്കും.

ഹിന്ദുമുന്നണി സ്ഥാപകനായിരുന്ന K രാമഗോപാലിന്റെ ചിന്തകളെ അടിസ്ഥാനമാക്കി രചിച്ച 'എക്കോസ് ഓഫ് എ നാഷണലിസ്റ്റ് മൈൻഡ്' എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിലും ഉപരാഷ്ട്രപതി സന്നിഹിതനാകും. നാളെ തിരുവാരൂരിൽ തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ 11-ാമത് ബിരുദദാന ചടങ്ങിലും ഉപരാഷ്ട്രപതി സംബന്ധിക്കും. തുടർന്ന് തഞ്ചാവൂരിലെ ശാസ്ത്ര ഡീംഡ് സർവകലാശാലയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് യുവാക്കളുടെ ഊർജ്ജവും അർപ്പണബോധവും നൂതന ആശയങ്ങളും അത്യന്താപേക്ഷിതമാണെന്ന് കേന്ദ്രമന്ത്രി ഡോ.മൻസുഖ് മാണ്ഡവ്യ പറഞ്ഞു. സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ 'മൈ ഭാരത്- NSS' വോളന്റിയർമാരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. സാമൂഹിക സേവന രംഗത്തെ അവരുടെ സംഭാവനകളെ അഭിനന്ദിച്ച കേന്ദ്രമന്ത്രി വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിന് സംരംഭങ്ങളിൽ സജീവമായി പങ്കുചേരാനും യുവാക്കളെ ആഹ്വാനം ചെയ്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും തമ്മിലെ വ്യക്തിപരമായ ബന്ധം ഇന്ത്യ-US ബന്ധത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും വളർത്തുകയും ചെയ്യുന്നുവെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പറഞ്ഞു. സ്വാതന്ത്ര്യദിനത്തിൽ ജനങ്ങൾക്ക് നൽകിയ ആശംസാസന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഉഭയകക്ഷി സഹകരണം ഇരുരാജ്യങ്ങളെയും, ഇന്ത്യൻ മഹാസമുദ്ര മേഖലയെയും സുരക്ഷിതവും ശക്തവും സമൃദ്ധവുമാക്കുന്നുവെന്നും മാർക്കോ റൂബിയോ പറഞ്ഞു.

✪✪✪

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ലോക്ഭവനിൽ ‘അറ്റ് ഹോം’ സ്വീകരണം സംഘടിപ്പിച്ചു. സ്വാതന്ത്ര്യത്തിന്റെ മഹത്തായ മൂല്യങ്ങളും ദേശീയ ഐക്യവും ജനാധിപത്യ പാരമ്പര്യവും ഓർമിപ്പിക്കുന്ന ചടങ്ങിൽ പ്രമുഖർ പങ്കെടുത്തു. സ്വാതന്ത്ര്യദിനത്തിൽ ഗവർണർ സംഘടിപ്പിക്കുന്ന ‘അറ്റ് ഹോം’ സ്വീകരണം കേരളത്തിലെ ഔദ്യോഗിക സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ പ്രധാന ഭാഗമാണ്.

✪✪✪

രാജ്യത്തിന്റെ 80-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കേരള നിയമസഭയിൽ വിപുലമായ ആഘോഷച്ചടങ്ങുകൾ സംഘടിപ്പിച്ചു. നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ദേശീയ പതാക ഉയർത്തി. തുടർന്ന് വാച്ച് ആന്റ് വാർഡിന്റെ ഗാർഡ് ഓഫ് ഓണർ സ്പീക്കർ സ്വീകരിച്ചു.

✪✪✪

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് 1500 കേന്ദ്രങ്ങളിൽ സ്വാതന്ത്ര്യ

സ്മൃതി സംഗമങ്ങൾ സംഘടിപ്പിച്ചു. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും മതേതരത്വവും സാമൂഹിക സൗഹാർദ്ദവും പരസ്പര സ്നേഹവും ഊട്ടിയുറപ്പിക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചത്.

കൊല്ലം ജോനകപ്പുറത്തെ ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ ആസ്ഥാനത്ത് ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി ദേശീയപതാക ഉയർത്തി.

✪✪✪

കോഴിക്കോട് ബീച്ചിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഗായകർ പങ്കെടുത്ത ദേശീയോദ്ഗ്രഥന പരിപാടി സംഘടിപ്പിച്ചു. തിരുവനന്തപുരം പാട്ടിന്റെ കൂട്ടുകാരും വാനമ്പാടികളും സംഘടിപ്പിച്ച പരിപാടിയിൽ പതിനായിരത്തി എൺപത്തൊൻപത് പേർ ഒന്നിച്ച് ദേശ ഭക്തി ഗാനവും ദേശീയ ഗാനവും ആലപിച്ചു. മുൻ മേയർ തോട്ടത്തിൽ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

✪✪✪

ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് തമിഴ്നാട്ടിലെത്തും. സന്ദർശനവേളയിൽ ചെന്നൈ ചെങ്കൽപേട്ട്, തിരുവാരൂർ, തഞ്ചാവൂർ എന്നിവിടങ്ങളിൽ അക്കാദമിക് അനുസ്മരണ സാഹിത്യപരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. ചെങ്കൽപേട്ടിലെ SRM ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ 22-ാമത് ബിരുദദാന സമ്മേളനത്തിലും ഇന്ന് ഉപരാഷ്ട്രപതി പങ്കെടുക്കും.

ഹിന്ദുമുന്നണി സ്ഥാപകനായിരുന്ന K രാമഗോപാലിന്റെ ചിന്തകളെ അടിസ്ഥാനമാക്കി രചിച്ച 'എക്കോസ് ഓഫ് എ നാഷണലിസ്റ്റ് മൈൻഡ്' എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിലും ഉപരാഷ്ട്രപതി സന്നിഹതനാകും. നാളെ തിരുവാരൂരിൽ തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ 11-ാമത് ബിരുദദാന ചടങ്ങിലും ഉപരാഷ്ട്രപതി സംബന്ധിക്കും. തുടർന്ന് തഞ്ചാവൂരിലെ ശാസ്ത്ര ഡീംഡ് സർവകലാശാലയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

കുടുംബശ്രീ, ഹരിത കർമ്മ സേന പ്രവർത്തകരുടെ വരുമാനം വർദ്ധിപ്പിക്കാൻ കാലാനുസൃത പരിഷ്കാരങ്ങൾ കൊണ്ടുവരുമെന്ന് മന്ത്രി കെ എം ഷാജി പറഞ്ഞു. കണ്ണൂർ കോർപ്പറേഷൻ നഗര സൗന്ദര്യവൽക്കരണവും ക്ലോക്ക് ടവറും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കണ്ണൂർ നഗരത്തിൽ മികച്ച വികസന പദ്ധതികൾ നടപ്പിലാക്കാൻ ഫണ്ട് ഉൾപ്പെടെ എല്ലാ സഹായവും നൽകുമെന്നും കെ എം ഷാജി അറിയിച്ചു. മാലിന്യ സംസ്ക്കരണം,

തെരുവുനായ ശല്യം തുടങ്ങിയ കാര്യങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന നയരൂപീകരണം അന്തിമഘട്ടത്തിലാണെന്നും മന്ത്രി വ്യക്തമാക്കി. ലിംഗ സമത്വമെന്ന ആശയം പുരുഷ മേധാവിത്വത്തിന്റേതാണെന്നും സമൂഹത്തിൽ നടപ്പിലാകേണ്ടത് ലിംഗനീതി ആണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

കേരളത്തിന്റെ ആരോഗ്യ മേഖലയെ മറ്റു സംസ്ഥാനങ്ങളുമായല്ല ലോകത്തിലെ വികസിത രാജ്യങ്ങളുമായാണ് താരതമ്യം ചെയ്യുന്നതെന്ന് മന്ത്രി AP അനിൽ കുമാർ പറഞ്ഞു. കേരള മെഡിക്കൽ ഡിസ്ട്രിബ്യൂട്ടേർസ് അസോസിയേഷൻ സംസ്ഥാന സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയുടെ പുരോഗതിക്ക് ഗവണ്മെന്റിനൊപ്പം സ്വകാര്യ മേഖലയും മികച്ച സംഭാവനകളാണ് നൽകുന്നതെന്നും, ഇതാണ് കേരളത്തിന്റെ ആരോഗ്യ മേഖലയുടെ വളർച്ചയ്ക്ക് കാരണമെന്നും എ പി അനിൽകുമാർ അഭിപ്രായപ്പെട്ടു. ചടങ്ങിൽ MK രാഘവൻ MP മുഖ്യാതിഥിയായി. മെഡിക്കൽ എക്സ്പോ ഫൈസൽ ബാബു MLA ഉദ്ഘാടനം ചെയ്തു. സുവനീർ കെ. ജയന്ത് MLA യും പുറത്തിറക്കി.

✪✪✪

ലോകമെങ്ങും മലയാളികളുടെ മനസ്സിൽ നന്മയും സമൃദ്ധിയും നിറച്ച് പൂക്കാലത്തെ വരവേൽക്കുന്ന പൊന്നിൻ ചിങ്ങത്തിന്റെ പൂവിളിയിൽ ഇന്ന് അത്തം. കർക്കിടകാന്ത്യത്തിൽ അത്തം പിറക്കുകയെന്ന അപൂർവ്വതയുണ്ട് ഈ വർഷത്തിന്. നാളെയാണ് ചിങ്ങപ്പിറവി. 25 ന് ഉത്രാടവും, 26 ന് തിരുവോണവുമാണ്. പത്തു ദിവസം പൂക്കളമിട്ട് ഓരോ മലയാളിയും ഇനി ആഘോഷത്തിന്റെയും ആനന്ദത്തിന്റെയും തിരക്കുകളിലാകും.

✪✪✪

മലയാളിയുടെ പൊന്നോണ കാലത്തിന് തുടക്കം കുറിച്ച് ഇന്ന് തൃപ്പൂണിത്തുറയിൽ വർണ്ണാഭമായ അത്തച്ചമയ ഘോഷയാത്ര. ഇതിന് മുന്നോടിയായി ഇന്നലെ വൈകിട്ട് അത്തം പതാക കൈമാറൽ ചടങ്ങ് സംഘടിപ്പിച്ചു. തൃപ്പൂണിത്തുറ നഗരസഭയ്ക്ക് കൊച്ചി രാജവംശത്തിന്റെ പ്രതിനിധി രാമദാസൻ തമ്പുരാനാണ് അത്തം പതാക കൈമാറിയത്. ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ മൈതാനിയിലെ അത്തം നഗറിൽ രാവിലെ അത്താഘോഷ പരിപാടികൾ മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി അനൂപ് ജേക്കബ് അത്തപ്പതാക ഉയർത്തും. തുടർന്ന് അത്തം ഘോഷയാത്ര സിനിമാതാരം മനോജ് K ജയൻ ഫ്ലാഗ് ഓഫ് ചെയ്യും.

രാജഭരണകാലത്ത് തൃപ്പൂണിത്തുറ ഹിൽ പാലസിൽ നിന്ന് കൊച്ചി രാജാവ് പ്രജകളെ കാണാൻ എത്തുന്ന ചടങ്ങായിരുന്നു അത്തച്ചമയം. പുലികളി, ചെണ്ടമേളം, തെയ്യം,തുടങ്ങി കേരളത്തിന്റെ തനത് നാടൻ കലാരൂപങ്ങളുടെയും മേളപ്പെരുക്കത്തിന്റെയും അകമ്പടിയോടെയാണ് ഘോഷയാത്ര മുന്നേറുക. അത്തം നഗറിൽ നിന്ന് ആരംഭിച്ച് തൃപ്പൂണിത്തുറ പൂർണത്രയീശ ക്ഷേത്രത്തിനു മുന്നിലൂടെ വടക്കേക്കോട്ട വരെ 4 കിലോമീറ്ററിലധികമാണ് ഘോഷയാത്ര.

✪✪✪

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും. ശബരിമല ഉൾക്കഴകം, പമ്പാ മേൽശാന്തിമാർ എന്നിവരെ തെരഞ്ഞെടുക്കുന്ന നറുക്കെടുപ്പ് നാളെയാണ്.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

........(വോയ്സ്)....................

✪✪✪

ശ്രീലങ്കയ്ക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ രണ്ട് വിക്കറ്റിന് 288 റൺസ് എന്ന ശക്തമായ നിലയിൽ. ഗാലെ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ആദ്യദിനത്തിൽ മഴ തടസ്സപ്പെടുത്തിയതിനെ തുടർന്ന് മത്സരം ഇന്നലെ 73 ഓവറാക്കി ചുരുക്കിയിരുന്നു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും.

ഇന്നലെ മത്സരം നിർത്തുമ്പോൾ ദേവ്ദത്ത് പടിക്കൽ 131 റൺസോടെയും ഋഷഭ് പന്ത് 27 റൺസോടെയും പുറത്താകാതെ നിൽക്കുകയായിരുന്നു. 77 റൺസെടുത്തെടുത്ത കെ.എൽ. രാഹുൽ പരിക്കിനെത്തുടർന്ന് കളിയിൽ നിന്ന് പിന്മാറി.

✪✪✪

KCL സീസൺ-3യുടെ ഔദ്യോഗിക ടീം ലോഞ്ചിംഗ് നാളെ തിരുവനന്തപുരത്ത് സംഘടിപ്പിക്കും. കോവളത്തെ ചടങ്ങിൽ മന്ത്രി PC വിഷ്ണുനാഥും, ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു സാംസണും മുഖ്യാതിഥികളാകും. മൂന്നാം സീസണിൽ മാറ്റുരയ്ക്കുന്ന ആറ് ഫ്രാഞ്ചൈസികളെയും ചടങ്ങിൽ ഔദ്യോഗികമായി അവതരിപ്പിക്കും.

✪✪✪

കൺസ്യൂമർഫെഡ് സംഘടിപ്പിക്കുന്ന സഹകരണ ഓണം വിപണിയുടെ ജില്ലാതല പരിപാടി കാസർകോട് ഉദുമ സർവീസ് സഹകരണ ബാങ്കിൽ മന്ത്രി KM ഷാജി ഉദ്ഘാടനം ചെയ്തു. ഓണത്തിന് ഏറ്റവും മികച്ച ഉത്പന്നങ്ങൾ ജനങ്ങളിൽ എത്തിക്കുകയാണ് ഗവണ്മെന്റിന്റെ ലക്ഷ്യമെന്നും, ആളുകൾ പരമാവധി ഓണം വിപണി പ്രയോജനപ്പെടുത്തണമെന്നും മന്ത്രി നിർദ്ദേശിച്ചു.

നിത്യോപയോഗ സാധനങ്ങൾ ന്യായവിലയിൽ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സഹകരണ മേഖലയുടെ വിപണി ഇടപെടലുകൾ വലിയ പങ്കാണ് വഹിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് നടത്തുന്ന ജില്ലാതല ഓണച്ചന്ത കണ്ണൂർ ചൊവ്വയിൽ മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. 13 ഇനം നിത്യോപയോഗ സാധനങ്ങൾ ഗവണ്മെന്റ് സബ്സിഡിയോടെ കൺസ്യൂമർ ഫെഡ്ഡിന്റെ ഓണച്ചന്തയിലൂടെ ലഭ്യമാക്കും.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: ഫസ്ന ഫാത്തിമ, ശ്രീജി*
*DEO : ഷീബ*